ഓഫറുകൾ മാത്രം പരിഗണിക്കാനുമാണ് ശ്രീ. റ്റി. എസ്. രവീന്ദ്രൻ ഫയൽ ചെയ്ത പൊതു താല്പര്യ വ്യവഹാരത്തിലൂടെ പ്രധാനമായും ആവശ്യപ്പെട്ടിരുന്നത്. ശ്രീ. എ. വി. താമരാക്ഷൻ എം. എൽ. എ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ. പി. നം. 1613/2000 കേസിൽ ഉന്നയിച്ചിരുന്ന പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1. പുതിയതായി ഗ്ലോബൽ ടെണ്ടർ വിളിച്ച് ഒ.ഇ.സി.എഫ് മാർഗ്ഗ രേഖകൾക്കനുസൃതമായി കൺസൾട്ടന്റിനെ നിയമിക്കണം.

2. മുൻ മാനേജിംഗ് ഡയറക്ടർക്കെതിരെ അഴിമതികുറ്റത്തിന് ക്രിമിനൽ കേസെടുക്കാൻ സ്റ്റേറ്റ് വിജിലൻസിനോ, മറ്റ് അന്വേഷണ ഏജൻസികൾക്കോ നിർദ്ദേശം നൽകണം.

3. കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉണ്ടായ അഴിമതി ആരോപണങ്ങളിൽ സി. ബി. ഐ. അന്വേഷണത്തിന് നിർദ്ദേശം കൊടുക്കണം.

30-6-2000-ലെ വിധിന്യായത്തിലൂടെ ഹൈക്കോടതി പ്രസ്തുത ഒ.പി.ഡിസ്മിസ് ചെയ്തുവെങ്കിലും, അതിനെതിരെ ശ്രീ. എ. വി. താമരാക്ഷൻ എം.എൽ.എ. ഡിവിഷൻ ബഞ്ചിൽ അപ്പീൽ (നം.1448/2000) സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത അപ്പീൽ ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ലോക ബാങ്കിന്റെ സഹായം

44(249) ശ്രീ. പി. ജെ. ജോയി :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈയിനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതി പ്രകാരം നടത്തുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ സംസ്ഥാന വാട്ടർ അതോറിറ്റിയുടെ പങ്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ മേൽപ്പറഞ്ഞ നാലു ജില്ലകളിലെ ആകെ 80 പഞ്ചായത്തുകളിലാണ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടിയായി തൃശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, മലപ്പുറം ജില്ലയിലെ പൂക്കോറ്റൂർ, നെടിയിരിപ്പ്, പാലക്കാട് ജില്ലയിലെ എരിമയൂർ, കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ എന്നീ പഞ്ചായത്തുകളിൽ പൈലറ്റു പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ലോകബാങ്കിൽ നിന്നും ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. സർക്കാർ 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ആവശ്യമുള്ള മേഖലകളിൽ കേരള വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായം ലഭ്യമാണ്. കൂടാതെ വാട്ടർ അതോറിറ്റിയിലെ പല ഉദ്യോഗസ്ഥന്മാരും ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു.

ശുദ്ധജലവിതരണ പദ്ധതി

45(250) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലക്കുന്നം പഞ്ചായത്തിൽ നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പരാതി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിയിൽ നിന്നും ഇപ്പോൾ എത്രപേർക്ക് കുടിവെള്ളം കിട്ടുന്നുണ്ട് ;

(ഡി) ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊട്ടിയ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പുകൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

(സി) 1000 പേർക്ക് കുടിവെള്ളം കിട്ടുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കീഴ്പറമ്പ് ശുദ്ധജല പദ്ധതി

46(251) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴുപറമ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായോ ;

LIBRARY ARCHIVES Kerala Legislative Assembly